പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 681 13-10-2026-ൽ മറുപടിയ്ക്ക്

സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. തോമസ് ഉണ്ണിയാടൻ	ശ്രീ. എം. ലിജു (സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) കർഷകർക്കും സാധാരണക്കാർക്കും കുറഞ്ഞ പലിശ നിരക്കിൽ ഏറ്റവും വേഗം വായ്പ ലഭ്യമാക്കുന്നതിനും സമ്പാദ്യശീലം വളർത്തുന്നതിനുമായി രൂപീകരിച്ചിട്ടുള്ള സഹകരണ പ്രസ്ഥാനത്തിൽ ജീർണതകൾ ഉള്ളതായുള്ള ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: സഹകരണ സംഘങ്ങളുടെ സാമ്പത്തികവും ഭരണപരവുമായ ദൗർബല്യം , പ്രവർത്തന ക്ഷമതയിലെ കുറവ്, എന്നിവ പരിഹരിച്ച് അവയുടെ പ്രവർത്തനക്ഷമതയും സാമ്പത്തിക സുസ്ഥിരതയും ഉറപ്പുവരുത്തുന്നതിനായി സഹകരണ വകുപ്പ് മുഖേന ചേർക്കുന്ന വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- സംഘങ്ങളുടെ സാമ്പത്തിക അച്ചടക്കവും ഭരണപരമായ കാര്യക്ഷമതയും മെച്ചപ്പെടുത്തുന്നതിനായി ടീം ആഡിറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
- സഹകരണ മേഖലയിലെ അഴിമതി/ക്രമക്കേട്/പണാപഹരണം എന്നിവയുമായി ബന്ധപ്പെട്ട് സഹകരണ നിയമം വകുപ്പ് 65, 68 പ്രകാരം അന്വേഷണങ്ങൾ പൂർത്തിയാക്കുകയും സർചാർജ്ജ് നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി, ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ട തുക ഈടാക്കിയെടുക്കുന്നതിനായി സർചാർജ്ജ് മോണിറ്ററിംഗ് സെൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.
- ആശ്വാസ് 2026 : സംസ്ഥാന സഹകരണ സംഘങ്ങൾ /ബാങ്കുകളിൽ വർദ്ധിച്ചു വരുന്ന കുടിശ്ശിക / നിഷ്ക്രിയ ആസ്തികൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയും ഇവിടെ നിന്ന് വായ്പ എടുത്തിട്ട് ,സാമ്പത്തിക പ്രതിസന്ധി ,ഗുരുതര രോഗം ,കുടുംബത്തിലെ മരണങ്ങൾ ,പ്രകൃതി ക്ഷോഭം തുടങ്ങിയ കാരണങ്ങളാൽ യഥാ സമയം തിരിച്ചടക്കാൻ കഴിയാതെ കുടിശ്ശികയായ വായ്പകളുടെ ബാധ്യതയിൽപ്പെട്ട സഹകാരികൾക്ക് ഇളവുകളോടെ വായ്പകണക്ക് അവസാനിപ്പിക്കുവാൻ അവസരം നൽകിക്കൊണ്ടും 2026 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആശ്വാസ് 2026 നടപ്പിലാക്കിയിട്ടുണ്ട്.ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ അർഹരായ എല്ലാ സഹകാരികളിലേക്കും എത്തിക്കുന്നതിനായി വിവിധ കമ്മിറ്റികളെ പുനസംഘടിപ്പിച്ചു സംഘം ,താലൂക്ക് ,ജില്ല ,സംസ്ഥാന തലക്കമ്മിറ്റികളിൽ അതാത് നിയോജകമണ്ഡലം നിയമസഭാ പാർലമെന്റ് അംഗങ്ങളെ കൂടി ഉൾപ്പെടുത്തി ടി കമ്മിറ്റിക്ക് അനുവദിക്കാവുന്ന ഇളവുകൾ പുനർനിർണയിച്ചുകൊണ്ടും "ആശ്വാസ് "പദ്ധതി സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കുകയും ഇതിലൂടെ വളരെയധികം പേർക്ക് ആനുകൂല്യം നൽകുന്നതിനും അതിലൂടെ സഹകരണ സംഘങ്ങൾക്ക് കുടിശ്ശിക കുറയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്

- സഹകരണ സംഘങ്ങളിൽ നിക്ഷേപം മടക്കി നൽകാനാകാത്ത അവസ്ഥയ്ക്ക് പരിഹാരമായും നിക്ഷേപകരുടെ വിശ്വാസം സംരക്ഷിക്കുന്നതിനുമായി "വിശ്വാസ്" എന്ന പേരിൽ ഒരു നിക്ഷേപ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജില്ലാതലത്തിൽ സംഘങ്ങളെ തരംതിരിച്ച് വിവരം ശേഖരിച്ചിട്ടുണ്ട് .
- നിക്ഷേപ ഗ്യാരന്റി പദ്ധതിയിൽ ചേരാതെ മാറിനിൽക്കുന്ന സംഘങ്ങളെ പൂർണ്ണമായും ഈ പദ്ധതിയുടെ ഭാഗമാക്കി നിക്ഷേപ സുരക്ഷ ഉറപ്പുവരുത്തന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.
- സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിനായികോഓപ്പറേറ്റീവ് റിവൈവൽ ഫണ്ട് സ്കീം നടപ്പിലാക്കുന്നു
- റിസ്ക് ഫണ്ട് നിയമാവലി നിബന്ധന 4 (ബി) യിലെ 6 മാസത്തിൽ അധികരിച്ച് വായ്പാ മുതലിലെ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയാൽ മരണാനന്തര ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല എന്നുള്ളത് കുടിശ്ശിക കാലാവധി 12 മാസമാക്കി മാറ്റുന്നതിനും, നിബന്ധന 4 (സി) യിൽ പ്രതിപാദിച്ചിട്ടുള്ള " നിബന്ധന 4 (ഡി) യിൽ പ്രതിപാദിക്കുന്ന മാരകരോഗം പിടിപെടുന്ന വായ്പക്കാരുടെ ചികിത്സ ധനസഹായത്തിന് കുടിശിക ബാധകമല്ല." എന്നതിനോടൊപ്പം മാരകരോഗം പിടിപെട്ട് മരണപ്പെടുന്ന വായ്പക്കാരുടെ വായ്പക്കും വായ്പകുടിശ്ശിക ബാധകമായിരിക്കുന്നതല്ല എന്നും ഭേദഗതി വരുത്തുന്നത് പരിഗണനയിലുണ്ട്. സഹകരണ വികസന ക്ഷേമ നിധി ബോർഡിൽ പുതിയ ഭരണ സമിതി നിലവിൽ വരുന്ന മുറയ്ക്ക് നിബന്ധന 4(ബി), 4(സി) എന്നിവയിൽ ഭേദഗതി വരുത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സാധാരണക്കാരിൽനിന്നും വലിയ തോതിൽ പലിശ ഈടാക്കുന്നത് തടയാനും വിവിധ കാരണങ്ങളാൽ റിക്കവറി നടപടി നേരിടുന്നവർക്ക് സാധാരണ പലിശ കൂട്ടിചേർത്ത് വായ്പ പുതുക്കി നല്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

മറുപടി: സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുത്ത് കുടിശ്ശിക ആയവർക്ക് ആശ്വാസമായി പലിശയിലും, പിഴപലിശയിലും പരമാവധി ഇളവ് അനുവദിച്ച് കൊണ്ട് ഒറ്റ തവണ തീർപ്പാക്കൽ പദ്ധതിയായ "ആശ്വാസ് 2026" 01.06.2026 മുതൽ 30.09.2026 വരെ നടപ്പിലാക്കിയിരുന്നു. ഇതിലൂടെ വായ്പ എടുക്കുന്ന കാലയളവിലുണ്ടായിരുന്ന പലിശ നിരക്കോ നിലവിലുള്ള പലിശ നിരക്കോ ഏതാണോ കുറവ്, അത് കണക്കിലെടുത്തുകൊണ്ട് വായ്പക്കാരെ വായ്പാ ബാദ്ധ്യതയിൽ നിന്ന് മോചിപ്പിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ക്യാഷ് ക്രെഡിറ്റ് വായ്പകളിൽ റിക്കവറി നടപടി നേരിടുന്നവർക്ക്, ടി വായ്പയിൽ അവസാന ഇടപാട് നടന്ന ദിവസം മുതൽ ടി വായ്പയെ സാധാരണ വായ്പയായി കണക്കാക്കി "ആശ്വാസ് 2026" പ്രകാരമുള്ള ഇളവുകൾ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ